ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 04.11.2024

## പ്രധാന വാർത്തകൾ

TIME : 07.25 AM

1. രാജ്യത്തെ ക്ഷയരോഗ ബാധിതരുടെ എണ്ണത്തിലുള്ള കുറവ് ഇന്ത്യയുടെ പ്രതിബദ്ധതയുടെയും പരിശ്രമങ്ങളുടെയും തെളിവാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി; ക്ഷയരോഗ മുക്ത ഇന്ത്യയ്ക്കായി സർക്കാർ നിരന്തരം പരിശ്രമിക്കുമെന്നും പ്രധാനമന്ത്രി.

   **Prime Minister Narendra Modi says, decline in tuberculosis cases is outcome of India's dedicated and innovative efforts; reaffirms commitment to TB-Free nation.**

2. അഞ്ചു വർഷത്തിനകം രാജ്യത്തെ റയിൽ യാത്രയിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരുമെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്.

   **Union Minister Ashwini Vaishnaw says, significant changes will transform rail travel across the country within the next five years.**

3. ലോകത്തിനൊപ്പം വളരാനാണ് ഇന്ത്യ ആഗ്രഹിക്കുന്നതെന്ന് വിദേശകാര്യ മന്ത്രി എസ് ജയശങ്കർ; ഓസ്ട്രേലിയയിലെ ക്വീൻസ്‌ലാൻഡിൽ ഇന്ത്യയുടെ പുതിയ കോൺസുലേറ്റ് വിദേശകാര്യ മന്ത്രി ഇന്ന് ഉദ്ഘാടനം ചെയ്യും.

   **India wants to grow with world, says External Affairs Minister Dr. S. Jaishankar. EAM to inaugurate India's new consulate in Queensland, Australia today.**

4. കേരളത്തിൽ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന മണ്ഡലങ്ങളിൽ പ്രചാരണം ഊർജ്ജിതം.

**Campaigning intensified in constituencies in Kerala for the by-elections.**

5. അണ്ടർ- 19 ലോക ബോക്സിംഗ് ചാമ്പ്യൻഷിപ്പിൽ നാല് സ്വർണ്ണവുമായി മികച്ച പ്രകടനം കാഴ്ചവെച്ച് ഇന്ത്യ. കേരള സ്കൂൾ കായികമേളയ്ക്ക് ഇന്ന് എറണാകുളത്ത് തുടക്കമാകും.

**India delivered an impressive performance with four golds at Under-19 World Boxing Championships; The Kerala School Sports Fest will begin today in Ernakulam.**

********************************

## PM-TB DECLINE

രാജ്യത്തെ ക്ഷയരോഗ ബാധിതരുടെ എണ്ണത്തിലുള്ള കുറവ് ഇന്ത്യയുടെ പ്രതിബദ്ധതയുടെയും പരിശ്രമങ്ങളുടെയും തെളിവാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ക്ഷയരോഗ മുക്ത ഇന്ത്യയ്ക്കായി സർക്കാർ നിരന്തരം പരിശ്രമിക്കുമെന്നും പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച് 2015-30 കാലയളവിൽ ഇന്ത്യയിലെ ക്ഷയരോഗികളുടെ എണ്ണത്തിൽ 17.7 ശതമാനത്തിന്റെ കുറവ് ഉണ്ടായിട്ടുണ്ട്. ആഗോളതലത്തിൽ ഇത് 8.3 ശതമാനമാണ്.

********************************

## KERALA - ASHWINI VAISHNAW

5 വർഷത്തിനകം രാജ്യത്തെ റയിൽ യാത്രയിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരുമെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്. ജന്മഭൂമി പത്രത്തിൻറെ സുവർണ്ണജൂബിലി ആഘോഷം കോഴിക്കോട് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കോഴിക്കോട്, ആലുവ, തൃശൂർ റെയിൽവേ സ്റ്റേഷനുകളിലെ വികസന പ്രവർത്തനങ്ങളും അദ്ദേഹം അവലോകനം ചെയ്തു. കോഴിക്കോട് റെയിൽവേ

സ്റ്റേഷൻറെ വികസനത്തിനായി 470 കോടി രൂപയുടെ പദ്ധതി ഒരുങ്ങുന്നതായും തൃശൂർ റെയിൽവേ വികസനത്തിനായി 393 കോടി രൂപ അനുവദിച്ചതായും ശ്രീ അശ്വിനി വൈഷ്ണവ് അറിയിച്ചു. അങ്കമാലി മുതൽ എരുമേലി വരെയുള്ള ശബരി റെയിൽ വികസനത്തിന് കേന്ദ്രം പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര മന്ത്രി പറഞ്ഞു. പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിച്ച് മുന്നോട്ടുപോയാൽ കെ റെയിൽ പദ്ധതി യാഥാർത്ഥ്യമാകുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

********************************

## S.JAISHANKAR ( INTRO )

ഓസ്ട്രേലിയൻ സന്ദർശനം തുടരുന്ന വിദേശകാര്യ മന്ത്രി എസ് ജയശങ്കർ ബ്രിസ്ബേനിൽ ക്വീൻസ്ലാൻഡ് യൂണിവേഴ്സിറ്റി ചാൻസലർ പീറ്റർ വർഗീസുമായി കൂടിക്കാഴ്ച നടത്തി. ഇന്ത്യയും ഓസ്ട്രേലിയയും തമ്മിലുള്ള വിദ്യാഭ്യാസ, ഗവേഷണ സഹകരണങ്ങളെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ ചർച്ച ചെയ്തതായി ശ്രീ ജയശങ്കർ സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു. ലോകത്തിനൊപ്പം വളരാനാണ് ഇന്ത്യ ആഗ്രഹിക്കുന്നതെന്ന് ബ്രിസ്ബണിൽ ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്ത വിദേശകാര്യമന്ത്രി പറഞ്ഞു. ( വോയിസ് )

ഓസ്ട്രേലിയയിലെ ക്വീൻസ്ലാൻഡിൽ ഇന്ത്യയുടെ പുതിയ കോൺസുലേറ്റ് വിദേശകാര്യ മന്ത്രി എസ് ജയശങ്കർ ഇന്ന് ഉദ്ഘാടനം ചെയ്യും.

********************************

## ISA - ASSEMBLY

അന്താരാഷ്ട്ര സൗരോർജ സഖ്യ അസംബ്ലിയുടെ 7-ാമത് സമ്മേളനത്തിന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാകും. ഭാരത് മണ്ഡപത്തിലാണ് പരിപാടിയുടെ ഉദ്ഘാടനം. സൗരോർജ്ജ വിന്യാസം ത്വരിതപ്പെടുത്തുന്നതിനുള്ള ധനസമാഹരണത്തിന് അംഗരാജ്യങ്ങളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ഊർജ ലഭ്യത,

സുരക്ഷ, പാരമ്പര്യം എന്നിവയെ സ്വാധീനിക്കുന്ന സംരംഭങ്ങളെക്കുറിച്ച് ISA അസംബ്ലി ചർച്ച ചെയ്യും.

***********************************

## JK - SPEAKER

ജമ്മു കാശ്മീരിൽ പുതിയ സ്പീക്കറെ തിരഞ്ഞെടുക്കാൻ ഇന്ന് നിയമസഭ ചേരും. മുതിർന്ന എൻസി നേതാവും മുൻ മന്ത്രിയുമായ അബ്ദുൾ റഹീം രാഥറെ സ്പീക്കർ സ്ഥാനത്തേക്ക് നിർദ്ദേശിച്ചിട്ടുണ്ട്. 90 അംഗ നിയമസഭയിൽ നാഷണൽ കോൺഫറൻസിന് 41 ഉം സഖ്യകക്ഷികളായ കോൺഗ്രസിന് 6 ഉം സിപിഎമ്മിന് ഒരു എംഎൽഎയുമാണുള്ളത്. നിയമസഭയിലെ രണ്ടാമത്തെ വലിയ കക്ഷിയായ ബിജെപിക്ക് ഡെപ്യൂട്ടി സ്പീക്കർ സ്ഥാനം വാഗ്ദാനം ചെയ്തിട്ടുണ്ട്. 29 അംഗങ്ങളാണ് ബിജെപിക്കുള്ളത്.

***********************************

## INDIA AND ZAMBIA

കേന്ദ്ര സഹമന്ത്രി കീർത്തി വർധൻ സിംഗിന്റെ രണ്ടു ദിവസത്തെ സാംബിയൻ സന്ദർശനത്തിന് നാളെ തുടക്കമാകും. സന്ദർശന വേളയിൽ ഇന്ത്യ- സാംബിയ സംയുക്ത സ്ഥിരം കമ്മീഷന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനുള്ള നടപടികൾ ചർച്ചയാകും. സാംബിയൻ വിദേശകാര്യമന്ത്രിയുമായി കൂടിക്കാഴ്ച നടക്കും. ഇന്ത്യ-സാംബിയ ബിസിനസ് റൗണ്ട് ടേബിൾ കോൺഫറൻസിലും കേന്ദ്ര സഹമന്ത്രി പങ്കെടുക്കുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

***********************************

## CANADA ATTACK

കാനഡയിലെ ബ്രാംപ്ടണിൽ ഹിന്ദു മഹാസഭ ക്ഷേത്രത്തിന് സമീപം ആക്രമണം. ഖലിസ്ഥാൻ വാദികൾ നടത്തിയ ആക്രമണത്തെ കനേഡിയൻ എം. പി ചന്ദ്ര ആര്യ അപലപിച്ചു. ആക്രമണത്തിന്റെ ദൃശ്യങ്ങളും അദ്ദേഹം സമൂഹ മാധ്യമമായ

എക്സിൽ പങ്കുവെച്ചു. കനേഡിയൻ സർക്കാർ നൽകിയിരിക്കുന്ന പ്രതിഷേധിക്കാനുള്ള സ്വാതന്ത്ര്യത്തെ ഖലിസ്ഥാനികൾ ദുരുപയോഗം ചെയ്യുകയാണെന്നും കനേഡിയൻ എം പി പ്രതികരിച്ചു.

*******************************

# US ELECTION

അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പിന് ഇനി മണിക്കുറുകൾ മാത്രം. പ്രചാരണത്തിന്റെ അവസാന ഘട്ടത്തിൽ റിപ്പബ്ലിക്കൻ സ്ഥാനാർത്ഥി ഡൊണാൾഡ് ട്രംപും ഡെമോക്രാറ്റിക് സ്ഥാനാർത്ഥി കമലാ ഹാരിസും ഇഞ്ചോടിഞ്ചു പോരാട്ടത്തിലാണ്. 70 ദശലക്ഷത്തിലധികം ബാലറ്റുകൾ ഇതിനകം രേഖപ്പെടുത്തിയിട്ടുണ്ട്. നെവാഡ, അരിസോണ, നോർത്ത് കരോലിന, ജോർജിയ, വിസ്കോൺസിൻ, മിഷിഗൺ, പെൻസിൽവാനിയ എന്നീ സംസ്ഥാങ്ങളിലെ വോട്ടുകൾ തിരഞ്ഞെടുപ്പിൽ നിർണായക പങ്കു വഹിക്കും.

*******************************

# PM- JHARKHAND

ബിജെപിയുടെ മുതിർന്ന നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്ര മോദി ഝാർഖണ്ഡിൽ ഇന്ന് രണ്ട് തിരഞ്ഞെടുപ്പ് റാലികളെ അഭിസംബോധന ചെയ്യും. രാവിലെ ഗർഹ്‌വയിലും പിന്നീട് ചായ്ബാസയിലും അദ്ദേഹം പൊതുയോഗങ്ങളെ അഭിസംബോധന ചെയ്യും. അതേസമയം ഝാർഖണ്ഡിൽ, സംസ്ഥാന നേതാക്കളെയും പ്രവർത്തകരെയും അണിനിരത്തി ശക്തമായ പ്രചാരണമാണ് കോൺഗ്രസ്സും നടത്തുന്നത്. ഈ മാസം 13, 20 തീയതികളിൽ രണ്ട് ഘട്ടങ്ങളിലായാണ് ഝാർഖണ്ഡിൽ വോട്ടെടുപ്പ് നടക്കുന്നത്.

*******************************

# MAHA - ELECTION

മഹാരാഷ്ട്ര നിയമസഭ തിരഞ്ഞെടുപ്പിലെ നാമനിർദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും. കഴിഞ്ഞ 30-ന് നടന്ന സൂക്ഷ്മ പരിശോധനയിൽ 288 മണ്ഡലങ്ങളിലായ് 7,994 സ്ഥാനാർത്ഥികളുടെ പത്രികകൾക്ക് സാധുതയുള്ളതായി കണ്ടെത്തി. ഈ മാസം 20-ന് ഒറ്റ ഘട്ടമായാണ് മഹാരാഷ്ട്രയിൽ തിരഞ്ഞെടുപ്പ് നടക്കുന്നത്. ഭരണകക്ഷിയായ മഹായുതിയും പ്രതിപക്ഷത്തെ മഹാ വികാസ് ആഘാഡിയുമാണ് മത്സര രംഗത്തെ പ്രമുഖ രാഷ്ട്രീയ കക്ഷികൾ.

********************************

# KERALA ELECTION

കേരളത്തിൽ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വയനാട് ലോക്സഭാ മണ്ഡലത്തിൽ പ്രചാരണം ഊർജ്ജിതം. UDF സ്ഥാനാർഥി പ്രിയങ്ക ഗാന്ധി മാനന്തവാടിയിൽ പൊതുയോഗത്തെ അഭിസംബോധന ചെയ്തു. ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി പരിപാടിയിൽ പങ്കെടുത്തു. LDF സ്ഥാനാർഥി സത്യൻ മൊകേരിയുടെ പ്രചാരണത്തിനായി മുഖ്യമന്ത്രി പിണറായി വിജയൻ മറ്റന്നാൾ കൽപ്പറ്റയിലെത്തും. NDA സ്ഥാനാർത്ഥി നവ്യ ഹരിദാസിന്റെ പ്രചാരണത്തിനായി കൂടുതൽ ബിജെപി നേതാക്കളും വരുംദിവസങ്ങളിൽ വയനാട്ടിലെത്തും. പാലക്കാട്, ചേലക്കര നിയമസഭാ ഉപതെരഞ്ഞെടുപ്പിൻറെ പ്രചാരണവും ശക്തമായി.

********************************

# CHELAKKARA (INTRO)

ചേലക്കര മണ്ഡലത്തിൽ തെരഞ്ഞെടുപ്പു അങ്കം മുറുകിക്കഴിഞ്ഞു. ജനങ്ങളെ നേരിട്ടുകണ്ട് വോട്ടു തേടുന്നതിനുള്ള തിരക്കിലാണ് സ്ഥാനാർത്ഥികൾ. വിശദാംശങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ്......

(വോയിസ്)

*******************************

## NILESWARAM DEATH

കാസർഗോഡ് നീലേശ്വരം വെടിക്കെട്ടപകടത്തിൽ പരിക്കേറ്റ് ചികിൽസയിലായിരുന്ന രണ്ട് പേർ കൂടി മരിച്ചു. കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ ചികിത്സലായിരുന്ന കാഞ്ഞങ്ങാട് സ്വദേശി ബിജു , ചെറുവത്തൂർ സ്വദേശി ഷിബിൻ രാജ് എന്നിവരാണ് ഇന്നലെ രാത്രി മരിച്ചത്. ഇതോടെ അപകടത്തിൽ മരിച്ചവരുടെ എണ്ണം നാലായി.

*******************************

## KERALA - SCHOOL OLYMPICS

ഒളിമ്പിക്സ് മാതൃകയിൽ കേരളത്തിൽ ആദ്യമായി സംഘടിപ്പിക്കുന്ന സംസ്ഥാന സ്കൂൾ കായികമേളയുടെ ഉദ്ഘാടനം എറണാകുളത്ത് മന്ത്രി വി ശിവൻകുട്ടി നിർവഹിക്കും. മന്ത്രിയും ഒളിമ്പ്യൻ പി ആർ ശ്രീജേഷും ചേർന്ന് ദീപശിഖ തെളിയിക്കും. സാംസ്കാരിക പരിപാടിയുടെ ഉദ്ഘാടനം നടൻ മമ്മൂട്ടി നിർവഹിക്കും. ഈ മാസം 11 വരെ നടക്കുന്ന കായികമേളയിൽ 24,000 ത്തോളം കായിക പ്രതിഭകൾ 39 കായിക ഇനങ്ങളിൽ മത്സരിക്കും. 1562 സവിശേഷ പരിഗണന അർഹിക്കുന്ന കുട്ടികളും, ഗൾഫ് സ്കൂളുകളിൽ നിന്ന് 50 കുട്ടികളും പങ്കെടുക്കുന്നുണ്ട്.

*******************************

## UNDER-19 WORLD BOXING

യുഎസിൽ അണ്ടർ- 19 ലോക ബോക്സിംഗ് ചാമ്പ്യൻഷിപ്പിൽ മികച്ച പ്രകടനം കാഴ്ചവെച്ച് ഇന്ത്യ. പുരുഷ-വനിതാ വിഭാഗങ്ങളിലായി നാല് സ്വർണമുൾപ്പെടെ 17 മെഡലുകളാണ് ഇന്ത്യൻ താരങ്ങൾ കരസ്ഥമാക്കിയത്. മെഡൽ നേടിയവരിൽ 11 പേർ ഖേലോ ഇന്ത്യ അത്‌ലറ്റുകളാണ്.

******************************

## HOCKEY CHAMPIONSHIP

പതിനാലാമത് ഹോക്കി ഇന്ത്യ സീനിയർ പുരുഷ ദേശീയ ചാമ്പ്യൻഷിപ്പിന് ഇന്ന് ചെന്നൈയിൽ തുടക്കമാകും. ടൂർണമെൻറിൽ 31 ടീമുകൾ മത്സരിക്കും. 13-ന് ക്വാർട്ടർ ഫൈനലും 15-ന് സെമിമത്സരങ്ങളും നടക്കും. ഈ മാസം 16 നാണ് ഫൈനൽ.

******************************

## IMD WEATHER

തമിഴ്നാട്, പുതുച്ചേരി, കേരളം, കാരക്കൽ, മാഹി എന്നിവിടങ്ങളിൽ ഇന്ന് ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ആൻഡമാൻ നിക്കോബാർ ദ്വീപുകളിൽ ചൊവ്വാഴ്ച കനത്ത മഴയ്ക്ക് സാധ്യതയുണ്ടെന്നും കാലാവസ്ഥാ കേന്ദ്രം അറിയിച്ചു. അടുത്ത ദിവസങ്ങളിൽ ഡൽഹിയിൽ മൂടൽമഞ്ഞിന് സാധ്യതയുണ്ടെന്നും മുന്നറിയിപ്പുണ്ട്.

*

**************************

*************************************************************************************